(സി) നടത്തിപ്പുകാരായ കമ്പനിക്കാരോട് എഗ്രിമെൻറും പൊന്നും വിലയ്ക്കായി ചെലവായിട്ടുള്ള തുകയും വാങ്ങിക്കൊണ്ട് സ്ഥലം വിട്ടുകൊടുക്കുവാൻ വേണ്ട നിർദ്ദേശം എറണാകുളം റീജിയണൽ ഇൻഡസ്ട്രീസ് ആൻഡ് കാമേഴ്സ് ജായിൻറ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

സ്റ്റാർച്ച് ഫാക്ടറികൾ.

* 935. [25] ശ്രീ. കെ. എം. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് കോവാപ്പറേറ്റീവ് സൊസൈറ്റി വകയായി എത്ര സ്റ്റാർച്ച് ഫാക്ടറികൾ തുടങ്ങുവാൻ അനുവാദം കൊടുത്തിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ;

(സി) കുവപ്പടി എൻ. ഈ. എസ്. ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് പുല്ലുവഴിയിൽ ഒരു സ്റ്റാർച്ച് ആൻഡ് സാഗോ ഫാക്ടറി തുടങ്ങുവാൻ അനുവാദം നൽകിയിട്ടുണ്ടോ ;

(ഡി) സൊസൈറ്റി സംഘടിപ്പിച്ച കാലത്ത് കെട്ടിടത്തിൻറെ ചെലവിൻറെ 1/3 ഗ്രാൻറായി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ടോ ;

(ഇ) പിന്നീട് അത് കൊടുക്കയില്ലെന്ന പറഞ്ഞതുകൊണ്ട് കെട്ടിടത്തിൻറെ പണി പൂർത്തിയായിട്ടില്ലെന്നുള്ളകാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ഗ്രാൻറ കൊടുക്കുകയോ അത് സാദ്ധ്യമല്ലെങ്കിൽ അതുയും സംഖ്യ ലോണായി കൊടുക്കുവാനോ ദയവുണ്ടാകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഒരു സ്റ്റാർച്ച ഫാക്ടറി.

(ബി) കുവപ്പടി ബ്ലോക്കിൽ പുല്ലുവഴിയിലുള്ള സ്റ്റാർച്ച ആൻഡ് സാഗോ ഫാക്ടറി.

(സി) ഫാക്ടറി കെട്ടിടത്തിൻറെ ചിലവിൻറെ പകുതി തുക ബ്ലോക്ക ഫണ്ടിൽനിന്നും കൊടുക്കാമെന്ന തീരുമാനിച്ചിരുന്നു.

(ഡി) ഇല്ല.

(ഇ) ചട്ടപ്രകാരം ബ്ലോക്കിൽനിന്നും പകുതി തുക കൊടുക്കാൻ സാദ്ധ്യമല്ലാ എന്ന പിന്നീടുകണ്ടു. പണി പൂർത്തിയാക്കാൻ തുക അനുവദിക്കാനുള്ള അപേക്ഷ പരിഗണനയിലിരിക്കുകയാണ്.

(എഫ്) ഇതു പരിഗണനയിലിരിക്കുകയാണ്.

WRITTEN ANSWERS

മോട്ടോർ അപകടങ്ങൾ.

* 936. [19] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ 1963 ഡിസംബർ അവസാനം വരെ സ്റ്റേറ്റിൽ എത്ര മോട്ടോർ അപകടങ്ങൾ ഉണ്ടായി ;

(ബി) എത്ര ആളുകൾക്ക് പരിക്കുപറ്റി; എത്ര ആളുകൾ മൃതിയടഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുറിവേറ്റവരും പരിക്കുപറ്റിയവരും ആയവർക്ക് ഗവണ്മെന്റ് എന്തു സഹായങ്ങളും ചെയ്തു ;

(ഡി) മോട്ടോർ അപകടങ്ങളും ഒഴിവാക്കുവാൻ ഗവണ്മെന്റ് എന്തെങ്കിലും പ്ലാൻ തയ്യാറാക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 1,644.

(ബി) 1,454.

213.

(സി) മുറിവേറ്റവരും പരിക്കുപറ്റിയവരും ആയവർക്ക് 11,750 രൂപ നഷ്ടപരിഹാരമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുത്തിട്ടുണ്ട്. കൂടാതെ 1,900 രൂപ നഷ്ടപരിഹാരം കൊടുക്കാൻ ഗവണ്മെന്റ് ഉത്തരവായിട്ടുണ്ട്. മുറിവേറ്റവർക്കും പരിക്കുപറ്റിയവർക്കും കാമ്പൻസേഷൻ കൊടുക്കുന്നതിനു സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും സത്വര നടപടികളും എടുത്തുവരുന്നു.

(ഡി) മോട്ടോർ അപകടങ്ങളും ഒഴിവാക്കുന്നതിനായി ഗവണ്മെന്റ് എടുത്തുവരുന്ന നടപടികളെന്തെല്ലാമാണെന്നു കാണിക്കുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

തൊളിലാളി—മുതലാളി പ്രാതിനിദ്ധ്യമുള്ള ജോയിന്റ് കൗൺസിലുകളും.

* 937. [30] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വ്യവസായശാലകളിൽ തൊഴിലാളി മുതലാളി പ്രാതിനിദ്ധ്യമുള്ള ജോയിന്റ് കൗൺസിലുകളും പ്രവൃത്തിക്കുന്നുണ്ടോ ;

(ബി) ഇതുപോലുള്ള കൗൺസിലുകളും എല്ലാ വ്യവസായശാലകളിലും സംഘടിപ്പിക്കുവാൻ നടപടി എടുക്കുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ചില വ്യവസായശാലകളിൽ ജോയിന്റുകൗൺസിലുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) നടപടി എടുത്തുവരുന്നു.

UNSTARRED QUESTIONS AND ANSWERS

ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ.

123. [1] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യത്തിനു ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റാന്നിമുതൽ കൊല്ലംവരെ കൈപ്പട്ടൂർവഴി ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ഇടുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം.

തൽക്കാലം സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly